# മഹസ്




## മട്ടന്നൂർ ഹയർ സെക്കണ്ടറി സ്കൂൾ

# ഉള്ളടക്കം

## അടുക്കളദൈവങ്ങൾ :

മധുസൂദനൻ പള്ളിപ്രവൻ മാസ്റ്റർ - 3 & 4

## മതഭ്രാന്ത് :

പ്രീത വി.ആർ ടീച്ചർ - 5 & 6

## ഗൃഹാതുരത്വം :

വിനീത ടീച്ചർ - 7 & 8

## ചിതയൊരുക്കുന്നവർ :

രാഷിമ - 9 & 10

## പ്രകൃതിയും മനുഷ്യനും :

ആകർഷ് രതീഷ് - 11 & 12

## വേലക്കാരിയെ ആവശ്യമുണ്ട് :

റാഷിദ.എ.പി ടീച്ചർ - 13 & 14



# അടുക്കളദൈവങ്ങൾ

എതിരാളികൾ
പലായനം ചെയ്ത
യുദ്ധഭൂമിയിൽ
ഒറ്റയാൾപ്പോരാട്ടത്തിനൊരു
പടച്ചട്ടയണിയണം

കൈയബദ്ധത്തിന്റെ
പാപമേൽക്കാതെ
കാത്തുകൊള്ളാൻ
കുലദൈവങ്ങൾക്കു
കാണിക്കയർപ്പിക്കണം

പരാധീനതകളിൽ
പതറാതിരിക്കാൻ
പരദേവതകളോടു
പ്രാർത്ഥിക്കണം

പുകയുടെ
പകയൊതുക്കാനൊരു
പോർമുഖം തുറക്കുമ്പോൾ
തീയിലുരുകാനൊരു
മേലങ്കിയണിയണം

കരിപുരണ്ട
കാലത്തോടു
കലഹിക്കാനൊരു
പരിചയേന്തണം
ചേരുവകളിലിഴകാനൊരു
മുഖംമൂടിയണിയണം

ആയുധങ്ങൾ
രാകിമിനുക്കി
ആത്മധൈര്യമേന്തണം
പടക്കോപ്പുകൾ
തേച്ചുമിനുക്കി
പഴുതടക്കണം


നാലുപാടുമൂർദ്ധ്വം-
വലിയുയരുമ്പോൾ
ഉപചാരംചൊല്ലി
പടിയടക്കണം

പാതിരാപ്പാതിയിൽ
വിജയഭേരിമുഴക്കണം
ഒടുവിലടുത്ത
പടപ്പുറപ്പാടിനു
കാതോർത്തു
കണ്ണടക്കണം

ഏഴരവെളുപ്പിന്റെ
കാഹളംമുഴങ്ങുമ്പോൾ
ദിവാസ്വപ്നത്തിൽനിന്നും
അടുക്കളയുടൻ
ഞെട്ടിയുണർന്നു.

**മധുസൂദനൻ പള്ളിപ്രവൻ മാസ്റ്റർ**
**മട്ടന്നൂർ ഹയർ സെക്കണ്ടറി സ്കൂൾ**

# മതഭ്രാന്ത്



സൂര്യനാരായണൻ തന്നുടെ വേളിയായ്
സുമുഖിയായ് മേവുന്ന വസുധാദേവി
സംവത്സരങ്ങളുടെ സംതൃപ്ത ദാമ്പത്യം
സന്താന സൗഭാഗ്യം സമ്മോഹനം
ചിന്താസരണിയും വാക്ചാതുരിയുമായ്
ചിറകിട്ടടിക്കുന്ന മർത്ത്യകുലം
ഭൂലോകം തന്നെയും കൈപ്പിടിയിലാക്കിയ
ഭൂപതികൾ തന്നെയീ മാനവന്മാർ
മാനവ നന്മയ്ക്കായി നിർമ്മിതി പൂണ്ടുള്ള
" മതമോ മയക്കും കറുപ്പ് മാത്രം"
വെടിയുണ്ടകൾ കൊണ്ട് നിർദ്ദയം നീക്കിയ
വെൺമയാർന്നുള്ളൊരീ ജീവിതങ്ങൾ
സത്യധർമ്മങ്ങൾക്കായി ജീവിതം ഹോമിച്ച
സത്യാന്വേഷണ പരീക്ഷകന്മാർ
പോർ വിളിക്കുന്നതോ നീചജന്മം
മർത്ത്യകുലത്തിന്നപമാനമായവർ
മഹതികൾ നേരെയും നിറയൊഴിച്ചു



വേൾഡ് ട്രേഡ് സെന്റർ
തകർത്തെറിഞ്ഞീടുവാൻ
വെറിപൂണ്ട കാട്ടാളർ മത്സരിപ്പൂ
പെഷ്വാറും പാരീസും
വിറകൊണ്ട്നിൽക്കുന്നു
പോർ വിളിക്കുന്നതോ നീചജന്മം

ഗാന്ധാര ദേശത്തെ പെൺമണികൾ
തന്നുടെ
ഗദ്ഗദം നോവായി പടർന്നീടവേ

" ഒരു ജാതി, ഒരു മതം, ഒരു
ദൈവം"നരനെന്ന്
ഓർമ്മപ്പെടുത്തിയ നാരായണാ
ഒരു ജാതി തൻ ജാതി, ഒരു മതം തൻ മതം
ഒന്നൊന്നു മെച്ചമെന്നോതി നിൽക്കെ
അറിവില്ലാ ജന്മങ്ങൾ തന്നുടെ കൂത്തുകൾ
അധമത്തിലധമമായ് താണുപോകെ
അഹമെന്ന ഭാവത്തെ ഇല്ലായ്മ
ചെയ്യുവാൻ
അഞ്ജല്ലീ ബദ്ധരായി നിന്നിടുന്നു

**പ്രീത വി.ആർ ടീച്ചർ**
**മട്ടന്നൂർ ഹയർ സെക്കണ്ടറി സ്കൂൾ**

# ഗൃഹാതുരത്വം



തുഞ്ചന്റെ കിളിമൊഴികൾ അലയടിക്കുമീ
തറവാട്ടിന്നകത്തളത്തിൽ നിലവിളക്കിൻ
ദീപപ്രഭയിലെൻ സ്മരണകൾ
ദീപ്തമാകുമീ മനസ്സിന്നിടനാഴിയിൽ



ക്ലാവു പിടിക്കാത്ത ചിന്തകളായി
കാവിലെ പാട്ടു പോലൊഴുകുകയായ്
ഗ്രാമവിശുദ്ധി തൻ ഗന്ധം തേടി
ഗേഹം വിട്ടിറങ്ങി പാടവരമ്പിലായ്



തുമ്പപ്പൂവെണ്മ നുരയും വീഥികൾ
തുമ്പികളെല്ലാം പാറി നടക്കും വാനം
മഴവില്ലാട്ടം കണ്ടു മയങ്ങിയ മേഘത്തോരു
മഴയായ് പെയ്യാതോടി മറഞ്ഞു

മഹസ്

കൊയ്ത്തുപാട്ടിന്നീണം തേടി
കാത്തിരുന്നു പുഞ്ചപ്പാടം
ഓർമ്മ തന്നോളങ്ങളിൽ ചാഞ്ചാടി
ഒഴുകിയെത്തുമായീരടികൾ

ഉത്സവത്തിൻ കൊടിയേറ്റ മായ്
ഉറവയായ കിനിയുന്നു സ്നേഹം
നിറയുമക്ഷയപാത്രമായൊരു
മുത്തശ്ശിയും
നിറതിങ്കളാകുമാ മുത്തശ്ശനും

നഷ്ടപ്പെടുത്തുവാനാവില്ലൊരിക്കലും
നല്ല വാക്കിന്റെ യാഴക്കടലുകൾ
ഇന്നലെയാകും സുഗന്ധവും പേറി
ഇന്നിന്റെ ഭംഗി നുണയുക ബാല്യമേ

ധന്യമാവട്ടെയീ ജന്മവും കർമ്മവും
ധരണിയിൽ വാഴട്ടെ സത്യവും ധർമ്മവും

**വിനീത ടീച്ചർ**
**മട്ടന്നൂർ ഹയർ സെക്കണ്ടറി സ്കൂൾ**

# ചിതയൊരുക്കുന്നവർ



ചിതയൊരുക്കുന്നു... അവർ നമുക്കായ്
ചിതയൊരുക്കുന്നു...
ലഹരിയാം വാളിനാൽ കത്തി വീഴ്ത്തി
അവർ നമുക്കായ് ചിതയൊരുക്കുന്നു...
ഒരു നിമിഷ നേരത്തിൻ സുഖത്തിനായി
അറിയാതെ പോകുന്നു നാമാ
ചതിക്കഥകൾ...
അറിയാതെ പോകുന്ന നാമാ ചതിയൊരുക്കം..
ഈ ഭൂമിയിൽ ലഭ്യമാകുമീ യേജകമ്പം
നമുക്കായ് ജീവിച്ചു തീർക്കാമിനി...
അറിഞ്ഞുപെരുമാറിടാമവർ തൻമുന്നിൽ
തലകുനിച്ചിടാതെ നിന്നിടാമീ ഭ്രവിൻ മുന്നിൽ...

ആച്ചിതയണച്ചിട്ടും ജലമായ് മാറിടാം
പൊരുതിടാം... എതിർത്തുനിന്നിടാം...
കരുത്താർജിച്ചിടാം...നമുക്കായ്
ചിതയൊരുക്കുമാ
മനുഷ്യമൃഗങ്ങളെ തകർത്തിടാൻ...
കരുതലായിടാമാ ചിതയിൽ
അകപ്പെട്ടവർക്ക്...
ഇനിയുമിനിയും പോരാടിടാം അവർ
തൻമുന്നിൽ...
ചിതയൊരുക്കപ്പെടാതെ കാത്തിടാമീ
തലമുറയെ...
പ്രലോഭനങ്ങളാകും ലഹരി
വസ്തുക്കളെയകറ്റുവാൻ...
ജീവിതം ലഹരിയാക്കി മാറ്റുവിൻ...
ഓർക്കുവിൻ മാതാവിനെ...
മാതൃരാജ്യത്തെ
തനിക്കുവിൻ രാക്ഷസനാം ലഹരിയെ
പൊരുതീട്ടു എതിർത്തിട്ടു ആ ചിതയിലെ
മരക്കഷണങ്ങളാക്കും ലഹരിയെ.

**രാഷിമ**
**മട്ടന്നൂർ ഹയർ സെക്കന്ററി സ്കൂൾ**
**ക്ലാസ്: 9I**

# പ്രകൃതിയും മനുഷ്യനും



അതെ പ്രകൃതിയും മനുഷ്യനും എന്ന വിഷയം നാം ഇന്ന് ചർച്ചചെയ്യേണ്ട വിഷയം തന്നെയാണ്. പ്രകൃതി അമ്മയാണ്. മരങ്ങൾ നമ്മുക്ക് ജീവവായു നൽകുന്നു. മണ്ണാണ് നമ്മുടെ നിലിൽപ്പിന് ആധാരം, ചുരുക്കി പറഞ്ഞാൽ പ്രകൃതിയില്ലെങ്കിൽ മനുഷ്യനില്ല. ഇത് അറിഞ്ഞിട്ടകൂടി നാം മരങ്ങൾ മുറിക്കുന്നു, കുന്നുകൾ ഇടിക്കുന്നു, പുഴകൾ മണ്ണിട്ട് മൂടുന്നു യഥാർത്ഥത്തിൽ മനുഷ്യൻ ഭൂമിയിലെ ജീവജാലങ്ങളുടെ നിലനിൽപ്പിനും മാനവരാശിയുടെ നിലനിൽപ്പിനും അപകടമാണ്.

മഹസ്

മരങ്ങൾ മുറിക്കുമ്പോൾ ഒരുപാട് ജീവികളുടെ വാസസ്ഥലം ഇല്ലാതാവുന്നു. എന്നാൽ ഇതിന്റെയൊക്കെ തിരിച്ചടിയാവാം 2018ൽ പ്രളയമായി പെയ്തിറങ്ങിയത്. ഒരുപാട് മനുഷ്യരുടെ ജീവൻ നഷ്ടപ്പെട്ടു ഒരുപാട് പേരുടെ വാസസ്ഥലവും നഷ്ടമായി. വാസ്തവത്തിൽ നാം തന്നെ നമ്മെ നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. കുട്ടികളെ പ്രകൃതിയുമായി ഇണങ്ങി ജീവിക്കാൻ സമ്മതിക്കണം. ഇന്നത്തെ കുട്ടികൾ പ്രകൃതിയെന്തെന്നറിയാതെ നാല് ചുമരുകൾക്കുള്ളിൽ ഒതുങ്ങി പോകുന്നു. മാനവരാശിയുടെ നിലനിൽപ്പിനായി പ്രകൃതിയെ സംരക്ഷിക്കാൻ നമുക്ക് കൈകോർക്കാം.

**ആകർഷ് രതീഷ്**
**മട്ടന്നൂർ ഹയർ സെക്കണ്ടറി സ്കൂൾ**
**ക്ലാസ്: 9B**

# വേലക്കാരിയെ ആവശ്യമുണ്ട്



ഒടുവിൽ വസുമതി തീരുമാനമെടുത്തു.
എന്തും വരട്ടെ.
ഈ നടുവേദനയും സഹിച്ചീട്ടു ജോലികൾ മുഴുവൻ ചെയ്യാൻ വയ്യ.
എത്രയും വേഗം പത്രപ്പരസ്യം കൊടുക്കുക തന്നെ.

വസുമതിയമ്മ പത്രമോഫീസിലേക്ക് ഒരുങ്ങിയിറങ്ങി.
മാറ്ററും പണവും ഏൽപ്പിച്ചുമടങ്ങി.

വൈകാതെ പത്രമോഫീസിൽ നിന്നും ഫോൺ കോളുകൾ.

"മാറ്റർ ഇതു തന്നെയാണോ മാഡം? "
" നിങ്ങൾക്കെന്താ ഇത്ര സംശയം? "
വസുമതിയമ്മ സഗൗരവം ചോദിച്ചു.

"അല്ല മാഡം... ഇങ്ങനെയൊരു മാറ്റർ കിട്ടുന്നത് ഇതാദ്യം.."
വസുമതി ഒരു നിമിഷം നിശബ്ദയായി.

മഹസ്

എന്നിട്ട് ചോദിച്ചു.
"നിങ്ങൾക്കെന്റെ ഭർത്താവിനെ പരിചയമുണ്ടോ?"

"ഇല്ല"
"എന്റെ മകനെയോ?"

"ഇല്ല മാഡം."

"ങ്ഹ! അതാ ഈ സംശയത്തിന് കാരണം.... മാറ്റർ നാളെ തന്നെ അടിച്ചു വരണം.."

പിറ്റേന്ന് പത്രത്തിൽ ആ പരസ്യം ഉണ്ടായിരുന്നു.
"അത്യാവശ്യ വീട്ടുജോലികൾക്കായി വൃദ്ധയും വിരൂപയും ലക്ഷണം കേട്ടതുമായ ജോലിക്കാരിയെ ആവശ്യമുണ്ട്.. മേൽവിലാസം..."

റാഷിദ.എ.പി ടീചർ
മട്ടന്നൂർ ഹയർ സെക്കണ്ടറി സ്കൂൾ